**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1957** **06.07.2015-ൽ മറുപടിയ്ക്ക്**

**<u>പഞ്ചഗുസ്തിയ്ക്ക് അംഗീകാരം</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **പ്രൊഫ.സി.രവീന്ദ്രനാഥ്** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) പരമ്പരാഗത കായികയിനമായ പഞ്ചഗുസ്തിയിൽ കേരളതാരങ്ങൾ ദേശീയ കിരീടം നേടിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ദേശീയതലത്തിൽ കേരളത്തിന്റെ യശസ്സ് ഉയർത്തിയ ഈ കായികയിനത്തിന് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടില്ല എന്ന കാര്യം അറിയുമോ; | (ബി) നിലവിൽ പഞ്ചഗുസ്തി ഒരു കായികഇനമായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടില്ല. |
| (സി) പഞ്ചഗുസ്തിക്ക് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) 2008-ലെ കേരള സ്പോർട്സ് ചട്ടങ്ങളിലെ സംസ്ഥാന അസോസിയേഷനുകളുടെ അംഗീകാരം സംബന്ധിച്ചുള്ള പ്രസക്തഭാഗം അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു. ടി ചട്ടങ്ങൾക്ക് അനുസൃതമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹത ബോധ്യപ്പെട്ടതിനു ശേഷമാണ് സംസ്ഥാന സ്പോർട്സ് കൗൺസിൽ ഒരു കായികഇനത്തിന് അംഗീകാരം നൽകുന്നത്. പഞ്ചഗുസ്തിക്ക് അംഗീകാരത്തിന് മേൽപറഞ്ഞ പ്രകാരമുള്ള അപേക്ഷ സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കുന്ന പക്ഷം തുടർനടപടി സ്വീകരിക്കാവുന്നതാണ്. |

Manj M

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

## അദ്ധ്യായം VII

### സംസ്ഥാന സ്പോർട്സ് സംഘടനകളുടെ രജിസ്ട്രേഷനും പ്രത്യേക അവകാശങ്ങളും

55. സ്പോർട്സ് അസോസിയേഷനുകളുടെ രജിസ്ടേഷനുള്ള അപേക്ഷയും നടപടിക്രമവും - (1) സംസ്ഥാനതലത്തിൽ ക്രമാനുഗതമായ പ്രവർത്തനങ്ങൾ നടത്തുന്നതും സ്പോർട്സിന്റെ ബന്ധപ്പെട്ട ശാഖയ്ക്കായുള്ളതും ഭാരത സർക്കാരിന്റെ യുവജന കാര്യവും സ്പോർടസ് മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ദേശീയ സ്പോർട്സ് ഫെഡറേഷനോടോ അസോസിനോടോ ബോർഡിനോടോ അഫിലിയേറ്റു ചെയ്യപ്പെട്ടിട്ടുള്ളതുമായ ഏതൊരു സ്പോർട്സ് സംഘടനയ്ക്കും സംസ്ഥാന സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്യാവുന്നതും ബന്ധപ്പെട്ട സ്പോർട്സ് ഇനത്തിൽ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്നതും ഭാരത സർക്കാരിന്റെ യുവജന കാര്യവും സ്പോർടസും മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ദേശീയ സ്പോർട്സ് ഫെഡറേഷനോടോ അസോസി യേഷനോടോ ബോർഡിനോടോ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷനോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ ഏതെങ്കിലും സംഘടനയ്ക്ക് ജില്ലാ സ്പോർട്സ് കൗൺസിലിൽ ഒരു സ്പോർട്സ് സംഘടനയായി രജിസ്റ്റർ ചെയ്യാവുന്നതും അപ്രകാരമുള്ള രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷ, അതതു സംഗതി പോലെ, അധികാരികയുള്ള സംസ്ഥാന സ്പോർട്സ് കൗൺസിലിനോ ജില്ലാ സ്പോർട്സ് കൗൺസിലിനോ ആക്ടിന്റെ 31-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃസൃതമായി സമർപ്പിക്കേണ്ടതുമാണ്:

എന്നാൽ, ഒളിമ്പിക് ശാഖകളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സ്പോർട്സ് ഇനങ്ങളുടെ കാര്യത്തിൽ, ഭാരത സർക്കാരിന്റ യുവജന കാര്യവും സ്പോർട്സും മന്ത്രാലയത്തിന്റെ അംഗീകാരം ദേശീയ തലത്തിൽ ലഭിച്ചിട്ടുള്ള ഫെഡറേഷനോടോ അസോസി യേഷനോടോ ബോർഡിനോടോ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള സംസ്ഥാന സംഘടനകൾക്കും അപ്രകാരമുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾ അംഗീകരിച്ച ജില്ലാതല അസോസിയേഷനുകൾക്കും മാത്രമേ രജിസ്റ്റർ ചെയ്യപ്പെടുന്നതിന് അർഹതയുണ്ടായിരിക്കകയുള്ളു:

എന്നുമാത്രമല്ല, സംസ്ഥാന സ്പോർട്സ് കൗൺസിൽ സംസ്ഥാന സ്പോർട്സ് സംഘടനയായി രജിസ്റ്റർ ചെയ്യുന്നതിന് അപ്രകാരമുള്ള സംസ്ഥാന സ്പോർട്സ് സംഘടനയ്ക്ക് ഏറ്റവും കുറഞ്ഞത് എട്ട് സജീവ ജില്ലാ .യൂണിറ്റുകൾ ഉണ്ടായിരിക്കേണ്ടതും ഓരാ വർഷവും ആ ജില്ലകളിൽ ജില്ലാതല മത്സരങ്ങൾ നടത്തേണ്ടതും സംസ്ഥാന തലത്തിൽ അന്തർ ജില്ലാ മത്സരങ്ങൾ നടത്തേണ്ടതുമാണ്.

(2) സംസ്ഥാന തലത്തിൽ കളരിപ്പയറ്റും വള്ളംകളിയും പോലെയുള്ള പരമ്പരാഗത മാർഷ്യൽ ഇനങ്ങൾ സംഘടിപ്പിക്കുന്നതിനോ പ്രത്യേക പ്രദേശങ്ങളിൽ മാത്രം പരിചിതമായ മറ്റ് ഇനങ്ങൾ സംഘടിപ്പിക്കുന്നതിനോ വേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും സംഘടനയ്ക്ക് സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ഒരു അംഗീകൃത സ്പോർട്സ് അസോസിയേഷനായി രജിസ്റ്റർ ചെയ്യാവുന്നതും ജില്ലാതലത്തിലും അതിനു താഴെയും പ്രവർത്തിക്കുന്ന അത്തരത്തിലുള്ള സംഘടനകൾക്ക് അതതു സ്ഥലങ്ങളിലെ ബന്ധപ്പെട്ട സ്പോട്സ് കൗൺസിലുകളിൽ സ്പോർട്സ് സംഘടനയായി ആക്ടിന്റെ 31-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതും അപ്രകാരമുള്ള രജിസ്ട്രേഷനുള്ള ഏതൊരു അപേക്ഷയും ആ സ്പോർട്സ് കൗൺസിലിന് അതിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്നിടത്ത് സമർപ്പിക്കേണ്ടതുമാണ്.

(3) രജിസ്ട്രേഷനുള്ള അപേക്ഷ, അതതു സംഗതിപോലെ, ജില്ലാ സ്പോർട്സ് കൗൺസിലിന്റെയോ സംസ്ഥാന സപോർട്സ് കൗൺസിലിന്റെയോ സെക്രട്ടറിക്ക് ഫാറം 'ഇ'യിൽ സമർപ്പിക്കേണ്ടതും അതോടൊപ്പം ഒരു സംസ്ഥാന സ്പോർട്സ് അസോസിയേഷന്റെ കാര്യത്തിൽ ആയിരം രൂപയും ഒരു ജില്ലാ സ്പോർട്സ് അസോസിയേഷന്റെ കാര്യത്തിൽ അഞ്ഞൂറു രൂപയും ഫീസ് അടയ്ക്കേണ്ടതുമാണ്.

(4) അപേക്ഷ, ആവശ്യമായ രേഖകളുടെ പകർപ്പുകൾ സഹിതം നേരിട്ടു സമർപ്പിക്കുകയോ രജിസ്റ്റേർഡ് പോസ്റ്റ് വഴി അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

(5) അപേക്ഷ ലഭിച്ചതിന്മേൽ, സെക്രട്ടറി അതു ലഭിച്ചതായി അക്നോളഡ്ജ് ചെയ്യേണ്ടതും ആ സംഘടനയ്ക്ക് രജിസ്ട്രേഷനുള്ള അർഹത തിട്ടപ്പെടുത്തുന്നതിലേക്കായി അപേക്ഷയുടെ സൂക്ഷ്മ പരിശോധന നടത്തേണ്ടതുമാണ്.

(6) അപേക്ഷ സൂക്ഷ്മ പരിശോധന നടത്തിയതിന്മേൽ ആ സംഘടനയ്ക്ക് പ്രഥമദൃഷ്ട്യാ രജിസ്ട്രേഷൻ ലഭിക്കുവാനുള്ള അർഹതയുണ്ടെന്നു കാണുന്ന പക്ഷം, സെക്രട്ടറി, അതതു സംഗതിപോലെ, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ മുമ്പാകെ, അതിന്റെ തൊട്ടടുത്തു വരുന്ന യോഗത്തിൽ വയ്ക്കേണ്ടതുമാണ്.

(7) അപേക്ഷ സൂക്ഷ്മ പരിശോധന നടത്തിയതിന്മേൽ ഏതെങ്കിലും കൂടുതൽ രേഖകൾ ആവശ്യപ്പെടേണ്ടതുണ്ടെന്നോ അർഹത തിട്ടപ്പെടുത്തുന്നതിനായി ഏതെങ്കിലും അന്വേഷണം നടത്തേണ്ടതുണ്ടെന്നോ സെക്രട്ടറിക്കു തോന്നുന്നപക്ഷം, അപേക്ഷ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ മുമ്പാകെ അതിന്റെ പരിഗണനയ്ക്കായി വയ്ക്കുന്നതിന് മുമ്പ്, അദ്ദേഹം അപ്രകാരം ചെയ്യേണ്ടതാണ്.

(8) 31-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിന്റെയോ (4)-ാം ഉപവകുപ്പിന്റെയോ കീഴിൽ ലഭിക്കുന്ന ഏതോരു അപേക്ഷയും, അതതു സംഗതിപോലെ, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയോ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയോ പരിശോധിക്കേണ്ടതും അംഗീകാരം നൽകുന്നതിനാവശ്യമായ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് അതിന് ബോധ്യം വരുന്ന പക്ഷം, അപ്രകാരമുള്ള സ്പോർട്സ് സംഘടനയെ അതതു സംഗതിപോലെ, ഒരു അംഗീകൃത സംസ്ഥാന സ്പോർട്സ് സംഘടനയോ അംഗീകൃത ജില്ലാ സ്പോർട്സ് സംഘടനായോ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

(9) സംസ്ഥാന സ്പോർട്സ് കൗൺസിലോ, ജില്ലാ സ്പോർട്സ് കൗൺസിലോ ഒരു അപേക്ഷ നിരസിക്കുന്ന പക്ഷം, അതതു സംഗതിപോലെ, സംസ്ഥാന സ്പോർട്സ് കൗൺസിലിനോ ജില്ലാ സ്പോർട്സ് കൗൺസിലിനോ ആ അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ അക്കാര്യം അപേക്ഷകനെ, അപ്രകാരമുള്ള നിരസനത്തിന്റെ കാരണങ്ങളെ സംബന്ധിച്ച സംക്ഷിപ്തമായ ഒരു പ്രസ്താവന സഹിതം, അറിയിക്കേണ്ടതാണ്.

(10) ഒരു അസോസിയേഷന് രജിസ്റ്റർ നൽകുവാൻ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിക്കുന്നപക്ഷം, സെക്രട്ടറി ഫാറം ''എഫ്'' -ൽ ഉള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(11) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി, അംഗീകാരം നൽകപ്പെട്ട സ്പോർട്സ് സംഘടനകളുടെ ഒരു രജിസ്റ്റർ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം ''ജി''യിൽ സൂക്ഷിക്കേണ്ടതാണ്.

(12) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലും ഓരോ വർഷവും അതിന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളുടെയും ക്ലബുകളുടെയും വിശദവിവരങ്ങൾ തുടർന്നു വരുന്ന വർഷത്തെ മാർച്ച് 31-ാം തീയതിയിലോ അതിനു മുമ്പോ സംസ്ഥാന സ്പോർട്സ് കൗൺസിലിനെ എഴുതി അറിയിക്കേണ്ടതാണ്.

56. <u>സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളുടെ രജിസ്ട്രേഷന്റെ വ്യവസ്ഥകളും നിബന്ധനകളും</u>-- (1) താഴെപ്പറയുന്നവ ഇല്ലാത്തപക്ഷം ഒരു സംഘടനയ്ക്ക് സംസ്ഥാന സ്പോർട്സ് സംഘടനയായി രജിസ്റ്റർ ചെയ്യപ്പെടുവാനുള്ള അർഹതയുണ്ടായിരിക്കുന്നതല്ല,--

(എ) സംഘടനയ്ക്ക് സംസ്ഥാനത്ത് 1995-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്ര ധർമ്മാർത്ഥ സംഘങ്ങൾ ആക്റ്റിന്റെ (1955-ലെ 12) യോ 1860-ലെ

സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിന്റെ (1860-ലെ 21) യോ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട കുറഞ്ഞത് എട്ടു സജീവ യൂണിറ്റുകളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്;

(ബി) സംഘടനാ ഓരോ വർഷവും വീഴ്ച വരുത്താതെ സബ്-ജൂനിയർ, ജൂനിയർ, സീനിയർ എന്നിവർക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ചാമ്പ്യൻഷിപ്പുകൾ നടത്തേണ്ടതാണ്;

(സി) സംഘടന അതിന്റെ ഔദ്യോഗിക ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ആ ആവശ്യത്തിലേക്കായി സംസ്ഥാന സ്പോർട്സ് കൗൺസിൽ നിയോഗിച്ച നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ നടത്തേണ്ടതാണ്;

(ഡി) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ആ സംഘടന രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി സംസ്ഥാന-ജില്ലാ ടീമുകളെ തെരഞ്ഞെടുക്കേണ്ടതാണ്;

(ഇ) ദേശീയ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുവാനുള്ള സംസ്ഥാന ടീമിന്റെ തെരഞ്ഞെടുപ്പ്, ഒരു സ്പോർട്സ് പേഴ്സനെ ദേശീയമോ സോണലോ ആയ അസൈൻമെന്റിന് തെരഞ്ഞെടുക്കുന്നപക്ഷം, ബന്ധപ്പെട്ട സ്പോർട്സ് ശാഖയിലോ കളിയിലോ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത സ്പോർട്സ് പേഴ്സൺസിനിടയിൽ നിന്നു മാത്രമേ നടത്തുവാൻ പാടുള്ളൂ;

(എഫ്) സംസ്ഥാന സംഘടന കളിക്കാരുടെ പേരുകൾ, ഫോട്ടോ സഹിതവും അവർക്ക് തിരിച്ചറിയൽ കാർഡ് നൽകി കൊണ്ടും, വർഷത്തിലൊരിക്കൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്;

(ജി) രജിസ്റ്റർ ചെയ്ത കളിക്കാരെ മാത്രമേ ജില്ല, സംസ്ഥാന, ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുപ്പിക്കുവാൻ പാടുള്ളൂ;

(എച്ച്) ആ സംഘടന അതിന്റെ രജിസ്ട്രേഷനുള്ള അപേക്ഷ സംസ്ഥാന സ്പോർട്സ് കൗൺസിലിന് മേൽപ്പറഞ്ഞ പ്രകാരം (എ) ഖണ്ഡത്തിന് അനുസൃതമായി രജിസ്റ്റർ ചെയ്ത അതിന്റെ ഭരണഘടനയുടെയോ ബൈലോകളുടെയോ സാക്ഷ്യപ്പെടുത്തിയ പകർപ്പും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സഹിതം സമർപ്പിക്കേണ്ടതാണ്. കൗൺസിലിന് ആ സംഘടനയുടെ ഭരണഘടനയോ ബൈലാകൾക്കോ ഭേദഗതി നിർദ്ദേശിക്കാവുന്നതും രജിസ്റ്റർ ചെയ്യുന്നതിന് മുൻപ് അവ ഉൾക്കൊള്ളിക്കേണ്ടതുമാണ്;

(ഐ) സംസ്ഥാന സ്പോർട്സ് കൗൺസിലിൽ രജിസ്ട്രേഷൻ ആവശ്യപ്പെടുന്നതിന് മുൻപ് ബന്ധപ്പെട്ട സ്പോർട്സ് ശാഖയിലെ അഖിലേന്ത്യാ ഫെഡറേഷനോടൊ അസോസിയേഷനോടൊ ബോർഡിനോടൊ സംഘടന സ്വയം അഫിലിയേറ്റ് ചെയ്തിരിക്കേണ്ടതാണ്;

(ജെ) ആക്ടിന്റെയും അതിൻകീഴിലുണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾ അനുസരിക്കാൻ സംഘടന സമ്മതിക്കണം;

(കെ) (1) കൗൺസിലിന്റെ അംഗീകാരം ആവശ്യപ്പെടുന്നതിന് മുൻപ് സംഘടനയ്ക്ക് ഒരു വർഷത്തിൽ കൂടുതൽ നിലനിൽപ്പ് ഉണ്ടായിരുന്നിരിക്കണം;

(2) സ്പോർട്സിന്റെ ഓരോ ശാഖയ്ക്കും ഇനത്തിനും ഒരു സംഘടനയ്ക്ക് മാത്രമേ കൗൺസിൽ രജിസ്ട്രേഷൻ നൽകുവാൻ പാടുള്ളൂ.

(3)(എ) ഒരു അംഗീകൃത സ്പോർട്സ് സംഘടനയുടെ യോഗത്തിൽ ഹാജരാക്കി വോട്ടുചെയ്യുന്ന അംഗങ്ങളുടെ കേവല ഭൂരിപക്ഷം നേടുന്നുവെങ്കിൽ പ്രസ്തുത സ്പോർട്സ് സംഘടനയുടെ ഔദ്യോഗിക ഭാരവാഹിക്ക് നാല് വർഷ കാലാവധിയുള്ള ഒന്നോ അതിലധികമോ തവണ ഉദ്യോഗത്തിൽ തുടരാവുന്നതാണ്.

*വിശദീകരണം:* ഈ ചട്ടത്തിന്റെ ആവശ്യത്തിലേക്ക്, ''ഔദ്യോഗിക ഭാരവാഹി'' എന്നാൽ---

(i) പ്രസിഡന്റ്

(ii) വൈസ് പ്രസിഡന്റ്

(iii) ജനറൽ സെക്രട്ടറി/സെക്രട്ടറി/ഓണററി ജനറൽ സെക്രട്ടറി അല്ലെങ്കിൽ ഏതെങ്കിലും തത്തുല്യമായ ഉദ്യോഗം;

(iv) ജോയിന്റ് സെക്രട്ടറി/ഓണററി ജോയിന്റ് സെക്രട്ടറി അല്ലെങ്കിൽ ഏതെങ്കിലും തത്തുല്യമായ ഉദ്യോഗം;

(v) ട്രഷറർ/ഓണററി ട്രഷറർ;

എന്നർത്ഥമാകുന്നു.

(ബി) അംഗീകൃത സ്പോർട്സ് സംഘടനയുടെ സെലക്ഷൻ കമ്മിറ്റിയെ ബന്ധപ്പെട്ട സ്പോർട്സ് സംഘടനയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയോ സമാനമായ ഒരു സമിതിയോ നിയമിക്കേണ്ടതും എന്നാൽ, യാതൊരു പ്രത്യേക വ്യക്തിയേയും തുടർച്ചയായി നാലുവർഷത്തിലധികം നിയമിക്കാൻ പാടില്ലാത്തതുമാണ്;

(സി) ഓരോ അംഗീകൃത സ്പോർട്സ് സംഘടനയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയോ സമാനമായ സമിതിയോ കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും മുൻ ത്രൈമാസത്തെ കണക്കുകൾ പാസാക്കേണ്ടതും ആഡിറ്റിനുശേഷം അത് വാർഷിക ജനറൽ ബോർഡ് യോഗത്തിൽ വയ്ക്കേണ്ടതും സംസ്ഥാന സ്പോർട്സ് കൗൺസിലിന് അത് സമർപ്പിക്കേണ്ടതുമാണ്;

(ഡി) അംഗീകൃത സ്പോർട്സ് സംഘടനകളിൽ ഓരോന്നും തങ്ങളുടെ സ്പെഷ്യലൈസേഷന്റെ പ്രത്യേക മണ്ഡലത്തിൽ ഓരോ വർഷവും ഒരു അന്തർ ജില്ലാ മത്സരം നടത്തേണ്ടതാണ്;

(ഇ) അംഗീകൃത സ്പോർട്സ് സംഘടനയുടെ സ്പെഷ്യലൈസേഷന്റെ പ്രത്യേക മണ്ഡലത്തിലുള്ള അംഗത്വം സംസ്ഥാന സ്പോർട്സ് സംഘടനകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അനുരൂപമായ റവന്യൂ ജില്ലയിൽ പരിമിതപ്പെടുത്തിയിട്ടുള്ളതും ഏതെങ്കിലും സംഘടന വ്യതിരിക്ത ക്ലബ്ബുകൾക്കോ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ അംഗത്വം അനുവദിക്കുന്ന സംഗതിയിൽ അപ്രകാരമുള്ള അംഗത്വം ആ അംഗീകൃത സ്പോർട്സ് സംഘടനയുടെ യോഗത്തിൽ വോട്ടു ചെയ്യുവാനുള്ള അവകാശം അപ്രകാരമുള്ള അംഗങ്ങൾക്ക് നൽകുന്നില്ല. എല്ലാ ജില്ലകൾക്കും, ഓരോ ജില്ലയിലും അഫിലിയേറ്റ് ചെയ്യപ്പെട്ട ക്ലബ്ബുകളുടെ എണ്ണമോ ബന്ധപ്പെട്ട ജില്ലയിൽ അംഗത്വം അനുവദിക്കപ്പെട്ട ആളുകളുടെ /വ്യക്തികളുടെ / സ്ഥാപനങ്ങളുടെ എണ്ണമോ പരിഗണിക്കാതെ, തുല്യമായ എണ്ണം വോട്ടുകൾ ഉണ്ടായിരിക്കുന്നതാണ്.

(4) അംഗീകൃത സ്പോർട്സ് സംഘടനയുടെ യാതൊരു ഔദ്യോഗിക ഭാരവാഹിക്കും, അഖിലേന്ത്യാ ഫെഡറേഷനോ/ അസോസിയേഷനോ/ബോർഡോ/ സ്പോർട്സ്കൗസിലുകളോ/സംസ്ഥാന ഒളിമ്പിക് അസോസിയേഷനോ ഒഴികെയുള്ള മറ്റേതെങ്കിലും അംഗീകൃത സ്പോർട്സ് സംഘടന യിൽ ഒരേ സമയം ഔദ്യോഗിക ഭാരവാഹിയായിരിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.